2025 OCTOBER
22
WEDNESDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY
e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## റഷ്യയുമായി കൂടുതൽ അടുക്കാൻ ഇന്ത്യ, എണ്ണ ഇറക്കുമതിയും കൂട്ടി

**ന്യൂദൽഹി:** ഇന്ത്യ റഷ്യൻ എണ്ണ ഇറക്കുമതി പൂർണമായും നിർത്തുമെന്ന യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപിന്റെ ആവർത്തിച്ചുള്ള വാദത്തിനിടെ, റഷ്യയുമായി കൂടുതൽ വ്യാവസായിക ബന്ധം സ്ഥാപിക്കാനുള്ള നീക്കവുമായി ഇന്ത്യ. ട്രംപിന്റെ വാദങ്ങളെ പൊളിച്ച് ഇന്ത്യ റഷ്യൻ എണ്ണ വാങ്ങുന്നത് വൻതോതിൽ കൂട്ടിയിട്ടുമുണ്ട്. സെപ്റ്റംബറിൽ പ്രതിദിനം 16 ലക്ഷം ബാരൽ വീതം എണ്ണയാണ് വാങ്ങിയിരുന്നതെങ്കിൽ ഈ മാസം വാങ്ങുന്നത് 20 ലക്ഷം ബാരൽ വീതം.

ഒക്ടോബറിലെ ഇതുവരെയുള്ള ഇന്ത്യയുടെ മൊത്തം എണ്ണ ഇറക്കുമതി പരിഗണിച്ചാലും റഷ്യ തന്നെയാണ് ഏറ്റവും മുന്നിൽ. രണ്ടാംസ്ഥാനത്തുള്ള ഇറാക്കിൽ നിന്ന് 10.1 ലക്ഷം ബാരൽ വീതം എണ്ണയാണ് പ്രതിദിനം വാങ്ങിയത്. സൗദി അറേബ്യയാണ് 8.30 ലക്ഷം ബാരലുമായി മൂന്നാമത്. യുഎഇയെ പിന്തള്ളി യുഎസ് 4ാം സ്ഥാനം നേടിയെന്ന് വിപണി ഗവേഷകരായ കെപ്ലറിന്റെ കണക്കുകൾ വ്യക്തമാക്കി. അമേരിക്കയിൽ നിന്ന് പ്രതിദിനം 6.94 ലക്ഷം ബാരൽ എത്തിയപ്പോൾ യുഎഇയിൽ നിന്നുവാങ്ങിയത് 3.94 ലക്ഷം വീതം.

ഇന്ത്യയ്ക്കുള്ള ഡിസ്കൗണ്ട് റഷ്യ കൂട്ടിയത് ഇറക്കുമതിയും കൂടാനിടയാക്കി. ജൂലൈ-ഓഗസ്റ്റിൽ ബാരലിന് 1.52 ഡോളർ വീതമായിരുന്നു ഡിസ്കൗണ്ട്. ഇപ്പോഴിത് 3.55 ഡോളർ. അതായത്, ക്രൂഡ് ഓയിലിന്റെ വിപണി വിലയേക്കാൾ 5 ഡോളർ വരെ ഇളവോടെ ഇന്ത്യയ്ക്ക് റഷ്യൻ എണ്ണ ഇപ്പോൾ കിട്ടുന്നുണ്ട്. നവംബറിലേക്കും ഡിസംബറിലേക്കും വരെ എണ്ണ ഇറക്കുമതിക്കായി ഇന്ത്യൻ കമ്പനികൾ റഷ്യൻ കമ്പനികളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടെന്നാണ് സൂചന. ഫലത്തിൽ, ട്രംപിന്റെ വാക്കുകളെ ഇന്ത്യ ഗൗനിച്ചിട്ടില്ലെന്നും ഇതു വ്യക്തമാക്കുന്നു.



എണ്ണയ്ക്ക് പുറമേ അപൂർവ ധാതുക്കളുടെ (റെയർ എർത്ത്) ഇറക്കുമതിക്കും കൽക്കരി മേഖലയിൽ ഉൾപ്പെടെ അടിസ്ഥാന സൗകര്യങ്ങൾ സംയുക്തമായി ഒരുക്കാനും റഷ്യൻ കമ്പനികളുമായി കൈകോർക്കാൻ ഒരുങ്ങുകയാണ് ഇന്ത്യ. ലോകത്തെ അപൂർവ ധാതുക്കളുടെ 95 ശതമാനവും കൈയാളുന്ന ചൈന, കയറ്റുമതിക്ക് നിയന്ത്രണം ഏർപ്പെടുത്തിയ പശ്ചാത്തലത്തിലാണ് ഇന്ത്യൻ കമ്പനികൾ റഷ്യയിലേക്ക് ചായുന്നത്. വാഹന നിർമാണം, ഇലക്ട്രോണിക്സ്, പ്രതിരോധ മേഖലകൾക്ക് അനിവാര്യമായ അസംസ്കൃത വസ്തുക്കളാണ് റെയർ എർത്ത്.

റഷ്യയുമായി റെയർ എർത്തിലും സഹകരിക്കുമെന്ന് സ്ഥിരീകരിച്ച കേന്ദ്ര വാണിജ്യ മന്ത്രാലയം വ്യോമയാനം, ടെക്നോളജി മേഖലകളിലും പങ്കാളിത്തത്തിന് ശ്രമിക്കുന്നതായി വ്യക്തമാക്കി. ചെറു വിമാന എൻജിനുകളുടെ നിർമാണം, 3ഡി പ്രിന്റിങ് തുടങ്ങിയവയും ഇതിലുൾപ്പെടുന്നു. ഇന്ത്യ റഷ്യൻ എണ്ണ ഇറക്കുമതി നിർത്തുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി തനിക്ക് ഉറപ്പുനൽകിയതായി ട്രംപ് കഴിഞ്ഞദിവസം പറഞ്ഞിരുന്നു. എന്നാൽ, മോദിയും ട്രംപും തമ്മിൽ സംസാരിച്ചിട്ടില്ലെന്ന് പ്രതികരിച്ച വിദേശകാര്യ മന്ത്രാലയം പക്ഷേ, എണ്ണ ഇറക്കുമതി സംബന്ധിച്ച ട്രംപിന്റെ വാദങ്ങൾ നിഷേധിച്ചിട്ടുമില്ല.

## ജിഎസ്ടി: 54 ഉൽപന്നങ്ങളുടെ വില കുറഞ്ഞു

**ന്യൂഡൽഹി:** സെപ്റ്റംബർ അവസാനവാരം നടപ്പിലായ ജിഎസ്ടി പരിഷ്കാരത്തിന്റെ ഗുണം ജനങ്ങളിലേക്ക് എത്തുന്നുണ്ടെന്ന് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ. 54 ഉൽപന്നങ്ങളുടെ വിലയിലെ ഇളവ് രാജ്യമാകെ പരിശോധിച്ചത് തൃപ്തികരമാണ്. ഒരുൽപ്പന്നത്തിന്റെ പോലും ഇളവ് ജനങ്ങളിലെത്താതിരുന്നിട്ടില്ല.

ചില ഉൽപ്പന്നങ്ങളിൽ നികുതിയിളവ് പൂർണതോതിൽ എത്തിയിട്ടുണ്ടാകില്ല. ഇൻപുട്ട്, ഔട്ട്പുട്ട് നികുതിയിലെ പ്രശ്നങ്ങൾ മൂലമാണിത് സംഭവിക്കുന്നതെന്നും വൈകാതെ പരിഹരിക്കുമെന്നും മന്ത്രി വ്യക്തമാക്കി. ജിഎസ്ടി പരിഷ്കാരം വഴി ജനങ്ങൾക്കുണ്ടാകുന്ന നേട്ടത്തെക്കുറിച്ച് വിവരിക്കാൻ മന്ത്രിമാരായ നിർമല സീതാരാമൻ, പീയൂഷ് ഗോയൽ, അശ്വിനി വൈഷ്ണവ് എന്നിവർ ഒരുമിച്ചാണു വാർത്താസമ്മേളനം നടത്തിയത്.

സിമന്റിന്റെ ചില വകഭേദങ്ങളിൽ (പിപിസി) ഇളവ് കാര്യമായി ലഭിച്ചിട്ടില്ല. ഇത് ലഭ്യമാക്കാനുള്ള ശ്രമങ്ങൾ നടത്തും. പല ഉൽപ്പന്നങ്ങളുടെയും നികുതിയിളവിനെക്കാൾ കൂടുതൽ ഇളവാണ് കമ്പനികൾ നൽകിയതെന്നും മന്ത്രി പറഞ്ഞു. ഉദാഹരണത്തിന് ഷാംപുവിന് ഏകദേശം 11.02 ശതമാനമാണ് മിനിമം കുറയേണ്ടതെങ്കിൽ ശരാശരി 12.36 ശതമാനത്തിന്റെ കുറവ് ജനങ്ങൾക്ക് ലഭിച്ചതായി മന്ത്രി പറഞ്ഞു. ക്ലിനിക്കൽ ഡയപ്പറിന് 6.25% ഇളവ് ലഭിക്കേണ്ട സ്ഥാനത്ത് 10.38% ലഭിച്ചു. മരുന്നുകൾ, നെയ്യ്, ചീസ് തുടങ്ങിയ ഉൽപന്നങ്ങളിൽ നിലവിൽ ലഭിക്കുന്നതിലും കൂടുതൽ ഇളവ് കൈമാറേണ്ടതുണ്ടെന്നും മന്ത്രി ചൂണ്ടിക്കാട്ടി.

## ക്രെഡിറ്റ് ഗ്യാരന്റി പത്ത് കോടി വരെ ഈടില്ലാ വായ്പ

**ന്യൂദൽഹി:** രാജ്യത്തെ വ്യവസായ മേഖല ഉറ്റു നോക്കുന്ന ഒരു പ്രധാന പദ്ധതിയാണു ക്രെഡിറ്റ് ഗ്യാരന്റി പദ്ധതി. ഇതിന് വലിയ പ്രാധാന്യമാണു കേന്ദ്ര സർക്കാർ നൽകി വരുന്നത്. സൂക്ഷ്മ, ചെറുകിട ഇടത്തരം, വ്യവസായങ്ങളുടെ നിർവചനത്തിൽ വരുത്തിയിട്ടുള്ള മാറ്റങ്ങൾ കൂടി പരിഗണിച്ചു കൊണ്ടാണു ക്രെഡിറ്റ് ഗ്യാരന്റി തുക വർധിപ്പിക്കുന്നത്. വലിയ വർധനയാണ് ഈ പദ്ധതിയിൽ ഇപ്പോൾ വരുത്തിയിരിക്കുന്നത്. 2025-26 വർഷത്തെ ബജറ്റ് അവതരിപ്പിച്ചുകൊണ്ട് ധനമന്ത്രി നിർമല സീതാരാമനാണു ക്രെഡിറ്റ് ഗ്യാരന്റിയിലെ വർധന പ്രഖ്യാപിച്ചത്. അതനുസരിച്ചുള്ള ക്രെഡിറ്റ് ഗ്യാരന്റി കവറേജ് ഇപ്പോൾ 10 കോടി രൂപ വരെയാണ്. 2025 ഏപ്രിൽ ഒന്നു മുതൽ ഈ വായ്പ ആനുകൂല്യം സംരംഭകർക്ക് ലഭ്യമാകും. ഇതിന് സംരംഭകർക്ക് വരുന്ന ഗ്യാരന്റി ചാർജ് കുറയ്ക്കുകയും ചെയ്തിട്ടുണ്ട്.

ചെറുകിട വ്യവസായ മേഖല ഏറ്റവും ശക്തമായ ഒരു തൊഴിൽ മേഖലയാണ്. ഭാരതത്തിന്റെ സമ്പത്ത് വ്യവസ്ഥയുടെ രണ്ടാം എൻജിൻ എന്നാണ് ഈ മേഖലയെ വിശേഷിപ്പിക്കുന്നത്. വായ്പ ലഭിക്കാത്തതിന്റെ പേരിൽ സംരംഭ മേഖലയ്ക്ക് തളർച്ച ഉണ്ടാവാൻ പാടില്ല. വായ്പയ്ക്ക് കൊളാറ്ററൽ സെക്യൂരിറ്റി തടസമാകാൻ പാടില്ല.

പരമാവധി 5 കോടി രൂപ വരെ ആയിരുന്ന ക്രെഡിറ്റ് ഗ്യാരന്റി വായ്പ തുക ഇപ്പോൾ അത് 10 കോടിയായി ഉയർത്തിയിരിക്കുന്നു. കെട്ടിടവും ഭൂമിയും മറ്റു ആസ്തികളും സെക്യൂരിറ്റിയായി നൽകാൻ കഴിയാത്ത സംരംഭകർക്ക് ആശ്വാസം പകരുന്ന പദ്ധതിയാണ് ക്രെഡിറ്റ് ഗ്യാരന്റി പദ്ധതി. എല്ലാത്തരം സംരംഭങ്ങൾക്കും ഇപ്പോൾ ക്രെഡിറ്റ് ഗ്യാരന്റി വായ്പ ലഭിക്കും.

## ധനാനുമതി ബിൽ വീണ്ടും പരാജയം; യുഎസ് അടച്ചുപൂട്ടൽ തുടരും

**വാഷിങ്ടൺ:** യുഎസ് സെനറ്റിൽ ധനാനുമതി ബിൽ വീണ്ടും പരാജയപ്പെട്ടതോടെ ഷട്ട്ഡൗൺ തുടരും. 11ാം തവണയാണ് ധനാനുമതി ബിൽ പരാജയപ്പെടുന്നത്. അടച്ചുപൂട്ടൽ 21ാം ദിവസത്തിലേക്ക് നീണ്ടതോടെ ലക്ഷക്കണക്കിനു സർക്കാർ ജീവനക്കാർക്കാണു ശമ്പളം വൈകുന്നത്.

ഭരണകക്ഷിയായ റിപ്പബ്ലിക്കൻ പാർട്ടിയുടെ ധനാനുമതി ബിൽ 43നെതിരെ 50നാണ് സെനറ്റിൽ പരാജയപ്പെട്ടത്. ബിൽ പാസാക്കാൻ ആവശ്യം 60 വോട്ടുകളാണ്. ആരോഗ്യ പരിരക്ഷാ സബ്സിഡികൾ ഉൾപ്പെടുത്താത്ത ബില്ലാണ് ഡെമോക്രാറ്റുകളുടെ ശക്തമായ എതിർപ്പിനു കാരണമാകുന്നത്.



ഭരണസ്തംഭനത്തെ തുടർന്ന് സാമൂഹ്യ സുരക്ഷാ ചെലവുകൾ, ആരോഗ്യ പരിചരണ ചെലവുകൾ, വിദ്യാർഥികൾക്കുള്ള സഹായങ്ങൾ തുടങ്ങിയവയെല്ലാം മുടങ്ങിയിട്ടുണ്ട്. അവശ്യസർവീസ് ഒഴികെയുള്ള സർക്കാർ സേവനങ്ങളെല്ലാം തടസപ്പെട്ടിരിക്കുയാണ്. ശമ്പളം കൊടുക്കാനും ദൈനംദിന കാര്യങ്ങൾക്കും വകുപ്പുകൾക്ക് പണമില്ലാതായതോടെ ഏഴര ലക്ഷം ഫെഡറൽ ജീവനക്കാർ ശമ്പള രഹിത നിർബന്ധിത അവധിയിൽ തുടരുകയാണ്.

ഷട്ട്ഡൗൺ കൂടുതൽ പിരിച്ചുവിടലുകൾക്കു കാരണമാകുമെന്ന് പ്രസിഡന്റ് ട്രംപ് ആവർത്തിച്ച് മുന്നറിയിപ്പ് നൽകിയിരുന്നെങ്കിലും ആയിരക്കണക്കിന് സർക്കാർ ജീവനക്കാരെ പിരിച്ചുവിടാനുള്ള ട്രംപ് ഭരണകൂടത്തിന്റെ നീക്കത്തിന് യുഎസ് ഫെഡറൽ ജഡ്ജി കഴിഞ്ഞ ദിവസം താൽക്കാലിക വിലക്ക് ഏർപ്പെടുത്തിയിരുന്നു.

## വ്യാപാര കരാറിൽ ഒപ്പുവയ്ക്കൂ, ഇല്ലെങ്കിൽ 155% താരിഫ്'; ചൈനയ്ക്ക് ട്രംപിന്റെ ഭീഷണി

**വാഷിങ്ടൺ:** യുഎസുമായുള്ള വ്യാപാര കരാറിൽ ഒപ്പുവച്ചില്ലെങ്കിൽ ചൈനയ്ക്ക് മേൽ 155 ശതമാനം തീരുവ ചുമത്തുമെന്ന് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്. വൈറ്റ് ഹൗസിൽ വച്ച് ഓസ്ട്രേലിയൻ പ്രധാനമന്ത്രി ആന്റണി അൽബനീസുമായി നിർണായക ധാതു കരാറിൽ ഒപ്പുവച്ച ശേഷം മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു ട്രംപ്. ചൈനയ്ക്കുമേൽ നിലവിൽ ചുമത്തുന്ന 55 ശതമാനം താരിഫ് എന്നത് നവംബർ 1 മുതൽ 155 ശതമാനം ആയി ഉയർത്തുമെന്നാണ് ട്രംപിന്റെ ഭീഷണി.

”ചൈന നമ്മളോട് വളരെ ബഹുമാനം കാണിക്കുന്നുണ്ടെന്ന് ഞാൻ കരുതുന്നു. താരിഫുകളുടെ രൂപത്തിൽ അവർ ഞങ്ങൾക്ക് വലിയ ബാധ്യതയാണ് നൽകുന്നത്. നിങ്ങൾക്കറിയാവുന്നതുപോലെ, അവർ 55% ശതമാനം താരിഫ് ആണ് യുഎസ് ഉൽപ്പന്നങ്ങൾക്ക് ചുമത്തുന്നത്. അത് വളരെ വലിയ പണമാണ്. യുഎസുമായി ന്യായമായ വ്യാപാരകരാറിൽ ഏർപ്പെട്ടില്ലെങ്കിൽ ചൈന നൽകുന്ന 55% താരിഫ്, നവംബർ 1 മുതൽ 155% ആയി ഉയരും” - ട്രംപ് പറഞ്ഞു. നിരവധി രാജ്യങ്ങളുമായി യുഎസ് വ്യാപാര കരാർ ഉണ്ടാക്കിയിട്ടുണ്ടെങ്കിലും ആ രാജ്യങ്ങൾ യുഎസിനെ മുതലെടുക്കുകയായിരുന്നുവെന്നും ട്രംപ് ചൂണ്ടിക്കാട്ടി.

# കൊച്ചി കോർപ്പറേഷന് ഇനി പുതിയ ആസ്ഥാന മന്ദിരം



**കൊച്ചി:** എറണാകുളം മറൈൻഡ്രൈവിൽ നിർമ്മിച്ച കൊച്ചി കോർപ്പറേഷന്റെ പുതിയ ആസ്ഥാന മന്ദിരം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. സംസ്ഥാന സർക്കാരിന്റെ വികസന ക്ഷേമ കാഴ്ചപ്പാടിന്റെ അതേ പാതയിൽ തന്നെയാണ് കൊച്ചി കോർപ്പറേഷൻ നീങ്ങുന്നതെന്നും ഇക്കാര്യം മനസിലാക്കാൻ കൊച്ചിയിൽ നടപ്പാക്കിയ പദ്ധതികൾ കണ്ണോടിച്ചാൽ മതിയെന്നും മുഖ്യമന്ത്രി പറഞ്ഞു. സമൃദ്ധി, ഷീ ലോഡ്ജ്, മഹാകവി ജി. സ്മാരകം, എറണാകുളം മാർക്കറ്റ് നവീകരണം, നഗരത്തിലെ പൊതു ഇടങ്ങളുടെ നവീകരണം, തുരുത്തി ഇരട്ട ഫ്ളാറ്റ് സമുച്ചയം, പി ആന്റ് ടി നിവാസികളുടെ പുനരധിവാസം, ഓപ്പറേഷൻ ബ്രേക്ക്ത്രൂ പദ്ധതിയിൽ ഉൾപ്പെടുത്തിയുള്ള വെള്ളക്കെട്ട് നിവാരണം തുടങ്ങി മാതൃകാപരമായ ഒട്ടേറെ പദ്ധതികളാണ് കോർപ്പറേഷൻ നടപ്പാക്കിയത്.

ബ്രഹ്മപുരത്തെ മാലിന്യ സംസ്കരണം ഗൗരവമായി എടുത്തു കൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് ഫലം കണ്ടു. കംപ്രസ്ഡ് ബയോഗ്യാസ് പ്ലാന്റിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. ബയോ മൈനിംഗ് പുരോഗതി രാജ്യ ശ്രദ്ധ ആകർഷിച്ചിരിക്കുകയാണ്. നഗരസഭയുടെ കാര്യക്ഷമമായ പ്രവർത്തനം കാരണമാണ് ഇതെല്ലാം സാധ്യമായത്.കൊച്ചിയുടെ സമഗ്ര വികസനം ലക്ഷ്യം വെച്ച് ഒട്ടേറെ പദ്ധതികളാണ് സംസ്ഥാന സർക്കാർ നടപ്പാക്കുന്നത്. കൊച്ചി മെട്രോയുടെ വികസനം, വിമാനത്താവള വികസനം, കൊച്ചി വാട്ടർ മെട്രോ, പെട്രോകെമിക്കൽ പാർക്ക്, ഇൻഫോപാർക്ക് വികസനം എന്നിവയെല്ലാം ആ നിലക്കുള്ള പദ്ധതികളാണ്. അതിനു പുറമേ ക്ഷേമ ഇടപെടലുകളുടെ കാര്യത്തിലും ശ്രദ്ധേയമായ മുന്നേറ്റങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ക്ഷേമപദ്ധതികൾ അർഹരായ എല്ലാവരിലേക്കും, വികസനപദ്ധതിയുടെ ഗുണഫലങ്ങൾ എല്ലാവർക്കും എന്ന നയത്തോടെയാണ് കേരളം മുന്നോട്ട് പോകുന്നത്. എറണാകുളം ജില്ലയിലെ ലൈഫ് പദ്ധതിയിൽ ജില്ലയിലെ 40,000ത്തോളം കുടുംബങ്ങൾക്ക് വീടും 14,000ത്തോളം കുടുംബങ്ങൾക്ക് ഭൂമിയും ലഭ്യമാക്കാനായി.

നവംബർ ഒന്നിന് അപൂർവമായ ഒരു അംഗീകാരം നേടാനുള്ള ഒരുക്കത്തിലാണ് കേരളം. അതിദാരിദ്ര്യ മുക്ത സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിക്കുകയാണ്. അതോടെ ലോകത്തിനു മുന്നിൽ തന്നെ അത്ഭുതകരമായ, ആശ്ചര്യകരമായ ഒരു സംസ്ഥാനമായി നമ്മുടെ കേരളത്തെ പരിഗണിക്കുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. കോർപ്പറേഷൻ മന്ദിരത്തിന് സമീപം നടന്ന സമ്മേളനത്തിൽ കൊച്ചി മേയർ അഡ്വ. എം. അനിൽ കുമാർ അധ്യക്ഷത വഹിച്ചു. വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് മുഖ്യാതിഥിയായി. കെട്ടിടത്തിനായി സ്ഥലം ലഭ്യമാക്കിയ മുൻ മേയർ ദിനേശ് മണിയെ ചടങ്ങിൽ ആദരിച്ചു. ഹൈബി ഈഡൻ എം.പി, എം.എൽ.എമാരായ ടി.ജെ വിനോദ്, കെ.ജെ മാക്സി, ഉമാ തോമസ്, കെ. ബാബു, കെ.എൻ ഉണ്ണികൃഷ്ണൻ, ജി.സി.ഡി.എ അധ്യക്ഷൻ കെ. ചന്ദ്രൻ പിള്ള, മുൻ മേയർമാരായ ടോണി ചമ്മിണി, സൗമിനി ജെയിൻ, കെ.ജെ സോഹൻ, സ്ഥിരം സമിതി അധ്യക്ഷർ, കൗൺസിലർമാർ, സാമൂഹിക രാഷ്ട്രീയ സാംസ്കാരിക മേഖലകളിലെ പ്രമുഖർ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# ഉൽവസ സീസൺ : 8,000 പ്രത്യേക ട്രെയിനുകൾ കൂടി സർവീസ് നടത്തുമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്

**കൊച്ചി :** ദീപാവലി, ഛഠ് തുടങ്ങിയ ഉത്സവങ്ങളോടനുബന്ധിച്ച് യാത്രക്കാരുടെ തിരക്ക് വർധിക്കുന്നതിനാൽ വരും ദിവസങ്ങളിൽ 8,000 പ്രത്യേക ട്രെയിനുകൾ കൂടി സർവീസ് നടത്തുമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. റെയിൽവേ ബോർഡിലെ വാർ റൂം സന്ദർശിച്ച് ഉത്സവ സീസണിലെ യാത്രാ തിരക്ക് വിലയിരുത്തുകയായിരുന്നു അദ്ദേഹം.

നിലവിലുള്ള ഉത്സവ സീസണിൽ യാത്രക്കാരുടെ വർധന കണക്കിലെടുത്ത് ഇന്ത്യൻ റെയിൽവേ വിപുലമായ ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. പൂജ, ദീപാവലി, ഛഠ് എന്നിവയുടെ വേളയിൽ സുഗമമായ യാത്ര ഉറപ്പാക്കാൻ ഇന്ത്യൻ റെയിൽവേ 12,011 പ്രത്യേക ട്രെയിനുകൾ സർവീസ് നടത്തുന്നുണ്ട്. കഴിഞ്ഞ വർഷം ഇതേ കാലയളവിൽ 7,724 ട്രെയിനുകളാണ് സർവ്വീസ് നടത്തിയത്.

യാത്രക്കാരുടെ തിരക്ക് പരിഗണിച്ച് ഇന്ത്യൻ റെയിൽവേയുടെ എല്ലാ മേഖലകളിലും പ്രത്യേക ട്രെയിൻ സർവീസ് ഉണ്ടായിരിക്കും. ഉത്തര റെയിൽവേ (1919 ട്രെയിനുകൾ), മധ്യ റെയിൽവേ (1998 ട്രെയിനുകൾ), പശ്ചിമ റെയിൽവേ (1501 ട്രെയിനുകൾ) എന്നീ മേഖലകളിലാണ് ഏറ്റവും കൂടുതൽ സർവീസുകൾ നടത്തുന്നത്. പൂർവ്വ മധ്യ റെയിൽവേ (1217), ഉത്തര പശ്ചിമ റെയിൽവേ (1217) എന്നിവയുൾപ്പെടെ മറ്റ് മേഖലകളും പ്രാദേശിക യാത്രാ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി അധിക സർവീസുകൾ ക്രമീകരിച്ചിട്ടുണ്ട്.

പതിവ് ട്രെയിൻ സർവീസുകൾക്ക് പുറമേ, ഉത്സവ കാലത്തെ വർദ്ധിച്ച യാത്രാ ആവശ്യം നിറവേറ്റുന്നതിനായി ഇന്ത്യൻ റെയിൽവേ 3,960 പ്രത്യേക ട്രെയിനുകൾ 2025 ഒക്ടോബർ ഒന്ന് മുതൽ 19 വരെ സർവീസ് നടത്തിയിരുന്നു.

## സീപോർട്ട് എയർപോർട്ട് റോഡ്: എച്ച്.എം.ടിയുടേയും എൻ.എ.ഡിയുടേയും ഭൂമി കൈമാറി

**കൊച്ചി:** സീപോർട്ട് എയർപോർട്ട് റോഡിന്റെ രണ്ടാം ഘട്ട നിർമ്മാണത്തിനായി എച്ച്.എം.ടിയുടേയും എൻ.എ.ഡിയുടേയും ഭൂമി പദ്ധതി നിർവ്വഹണ ഏജൻസിയായ റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷന് കൈമാറി. റോഡ് നിർമ്മാണം രണ്ട് പതിറ്റാണ്ടിലേറെ തടസപ്പെടുന്നതിന് കാരണമായ ഭൂമി പ്രശ്നം ഇതോടെ പൂർണ്ണമായി പരിഹരിക്കപ്പെട്ടതായി വ്യവസായ മന്ത്രി പി.രാജീവ് പറഞ്ഞു. ഈ ഭാഗത്തെ റോഡ് നിർമ്മാണം ഉടനെ ആരംഭിക്കുമെന്നും അദ്ദേഹം പറഞ്ഞു. സീപോർട്ട് എയർപോർട്ട് റോഡ് നിർമ്മാണത്തിലെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുന്ന എച്ച്.എം.ടി മുതൽ എൻ.എ.ഡി വരെയുള്ള ഭാഗത്തിനാണ് എച്ച്.എം.ടി ഭൂമി ആവശ്യമായി വന്നത്. തൃക്കാക്കര നോർത്ത് വില്ലേജിലെ ബ്ലോക്ക് 5 ൽ ഉൾപ്പെട്ട 1.4015 ഹെക്ടർ ഭൂമിയാണ് കൈമാറിയത്. ഭൂമിക്കുള്ള വില സുപ്രീം കോടതി നിർദ്ദേശപ്രകാരം ബാങ്കിൽ നിക്ഷേപിച്ചിരുന്നു. ഭൂമി ഏറ്റെടുക്കലിനായി അനുവദിച്ച 37,90,90662 രൂപയാണ് ഇപ്രകാരം കൈമാറിയത്.

ദേശസാൽകൃത ബാങ്കിൽ തുക കെട്ടിവെക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ അപേക്ഷ സുപ്രീം കോടതി നേരത്തെ അനുവദിച്ചിരുന്നു. സീപോർട്ട് എയർപോർട്ട് റോഡ് വികസനത്തിനായി എൻ.എ.ഡി.യിൽ നിന്ന് വിട്ടു കിട്ടേണ്ട 2 .4967 ഹെക്ടർ ഭൂമിയും കൈമാറി. ഭൂമി വിലയുൾപ്പെടെ 32. 26 കോടി രൂപ സംസ്ഥാന സർക്കാർ നേരത്തെ അനുവദിച്ചിരുന്നു. സ്ഥല വിലയായി കേന്ദ്ര പ്രതിരോധ മന്ത്രാലയം കണക്കാക്കിയ 23.11 കോടി രൂപയും എൻ.എ.ഡി തൊരപ്പ് റോഡ് വീതി കൂട്ടി നിർമ്മിക്കുന്നതിന് 8.16 കോടി രൂപയും ചുറ്റുമതിൽ നിർമ്മാണത്തിന് 99. 43 ലക്ഷം രൂപയും ഉൾപ്പെടെയാണ് ധനകാര്യ വകുപ്പ് അനുവദിച്ചിരുന്നത്. എച്ച്. എം.ടി എൻ. എ.ഡി ഭാഗത്തെ റോഡ് നിർമ്മാണത്തിനായി 17.31 കോടി രൂപയുടെ ഭരണാനുമതി നൽകി കഴിഞ്ഞ മാസം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ ഭാഗത്തിന്റെ ടെണ്ടർ നടപടികൾ പുരോഗമിക്കുകയാണ്.

എച്ച് എം.ടി ഭാഗത്ത് 45 മീറ്റർ വീതിയിൽ 600 മീറ്റർ നീളത്തിലാണ് റോഡ് നിർമ്മിക്കുക. എൻ.എ.ഡിയുടെ ഭാഗത്തെ സ്കെച്ച് നേരത്തെ തയ്യാറാക്കിയതിനാൽ തുടർ നടപടികൾക്ക് കാലതാമസമുണ്ടാവില്ല. ഇതോടൊപ്പം വീതി കൂട്ടി നിർമ്മിക്കുന്ന എൻ.എ.ഡി തൊരപ്പ് റോഡിന്റെ ടെണ്ടറും ഉടനുണ്ടാകും. എൻ.എ.ഡി മഹിളാലയം ഭാഗത്തിന്റെ ടെണ്ടർ ഡിസംബറിൽ പുറപ്പെടുവിക്കും. 6.5 കി.മീറ്റർ ദൈർഘ്യമുള്ള ഈ ഭാഗത്തിന്റെ ഭൂമി ഏറ്റെടുക്കൽ പൂർത്തീകരണത്തിലേക്ക് എത്തുകയാണ്. ഈ ഭാഗത്തെ ഭൂമി ഏറ്റെടുക്കുന്നതിന് 569.34 കോടി രൂപ കിഫ്ബി നേരത്തെ അനുവദിച്ചിരുന്നു. 529 കൈവശവസ്തുക്കളിൽ 210 അവാർഡുകൾ പാസാക്കി. ഏറ്റെടുത്ത ഭൂമിയിലെ 90 ശതമാനം അവാർഡുകളും ഡിസംബറിൽ പൂർത്തിയാക്കും. ഇതിനുശേഷം ടെണ്ടറിലേക്ക് കടക്കും. ഇരുമ്പനം മുതൽ നെടുമ്പാശ്ശേരി വരെ 25.7 കിലോമീറ്റർ ദൈർഘ്യമുള്ള സീപോർട്ട്എയർപോർട്ട് റോഡ് പദ്ധതി, കൊച്ചി നഗരത്തിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതും കൊച്ചി വിമാനത്താവളത്തിലേക്ക് എളുപ്പത്തിൽ എത്താൻ സൗകര്യമൊരുക്കുന്നതുമായ പാതയാണ്.

## മരടിൽ ഡയപ്പർ മാലിന്യം ശേഖരിക്കാൻ 'ആക്രി' ആപ്പ്

**കൊച്ചി:** ഡയപ്പർ ഉൾപ്പെടെയുള്ള സാനിറ്ററി മാലിന്യം ശാസ്ത്രീയമായി ശേഖരിക്കുന്നതിനായി 'ആക്രി' എന്ന ഏജൻസിയുമായി ചേർന്ന് പുതിയ പദ്ധതിക്ക് തുടക്കം കുറിച്ച് മരട് നഗരസഭ. നഗരസഭയിലെ എല്ലാ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും നാപ്കിൻ, ഡയപ്പർ, ഗ്ലൗസ്, യൂറിൻ ബാഗുകൾ, കാലഹരണപ്പെട്ട മരുന്നുകൾ തുടങ്ങിയ ബയോമെഡിക്കൽ മാലിന്യങ്ങൾ ഇനി മുതൽ ശേഖരിക്കും. നഗരസഭാ അങ്കണത്തിൽ നടന്ന ചടങ്ങ് നഗരസഭാ ചെയർപേഴ്സൺ ആന്റണി ആശാംപറമ്പിൽ ഉദ്ഘാടനം ചെയ്തു. പുഴകളിലും വഴിയോരങ്ങളിലും ഡയപ്പർ പോലുള്ള മാലിന്യങ്ങൾ വലിച്ചെറിയുന്നതു മൂലമുണ്ടാകുന്ന ഗുരുതരമായ വിപത്തുകൾ ഒഴിവാക്കുന്നതിനാണ് നഗരസഭ ഈ പദ്ധതി നടപ്പിലാക്കുന്നതെന്ന് ചെയർപേഴ്സൺ പറഞ്ഞു. പദ്ധതിയോട് നഗരസഭാ പരിധിയിലെ മുഴുവൻ ആളുകളും സഹകരിക്കണമെന്നും അദ്ദേഹം പറഞ്ഞു.

മാലിന്യം വീടുകളിൽ നിന്നും ശേഖരിക്കുന്നതിനായി ഗുണഭോക്താക്കൾക്ക് മുൻകൂട്ടി 'ആക്രി' ആപ്പിൽ ബുക്ക് ചെയ്യാം. നിലവിൽ ഒരു കിലോ മാലിന്യത്തിന് 45 രൂപയാണ് യൂസർ ഫീ ആയി നൽകേണ്ടത്. പ്ലേസ്റ്റോറിൽ നിന്നും ആക്രി ആപ്പ് ഡൗൺലോഡ് ചെയ്തതിനുശേഷം അതിൽ ബയോമെഡിക്കൽ വിഭാഗത്തിൽ ബുക്ക് ചെയ്യുക. ബുക്ക് ചെയ്യുന്ന ദിവസങ്ങളിൽ മാലിന്യം വീടുകളിൽ വന്ന് ശേഖരിക്കും. പദ്ധതിയ്ക്ക് നഗരസഭയുടെ അനുമതി ലഭിക്കുന്നതോടെ വീടുകളിൽ നിന്നും സബ്സിഡി നിരക്കിൽ ബയോമെഡിക്കൽ വേയ്സ്റ്റുകൾ ശേഖരിക്കാനുള്ള സംവിധാനവും നിലവിൽ വരും. 080314050 48 എന്ന ടോൾ ഫ്രീ നമ്പറിൽ വിളിച്ച് ബുക്ക് ചെയ്തും ഗുണഭോക്താക്കൾക്ക് വീടുകളിലെ ബയോമെഡിക്കൽ വേയ്സ്റ്റ് കൈമാറാവുന്നതാണ്.ചടങ്ങിൽ വൈസ് ചെയർപേഴ്സൺ അഡ്വ. രശ്മി സനിൽ അധ്യക്ഷയായി. സ്ഥിരം സമിതി അധ്യക്ഷന്മാരായ റിനി തോമസ്, ബേബി പോൾ , കൗൺസിലർമാരായ സി.ആർ ഷാനവാസ്, ചന്ദ്ര കലാധരൻ , പി.ഡി രാജേഷ്, മിനി ഷാജി, ടി.എം അബ്ബാസ്, ദിഷ പ്രതാപൻ , ജയ ജോസഫ് , ഷീജ സാൻ കുമാർ , കെ.വി സീമ ,നഗരസഭാ സെക്രട്ടറി ഇ. നാസ്സിം, ഹെൽത്ത് സൂപ്പർവൈസർ എസ് പ്രേംചന്ദ്, ആക്രി പ്രൊജക്റ്റ് പി.ആർ.ഒ മുകേഷ് കരീം തുടങ്ങിയവർ പ്രസംഗിച്ചു.



# ശ്രീനാരായണ ദർശനം വർത്തമാന കാലത്തിന്റെ ആവശ്യകത: സ്വാമി ധർമചൈതന്യ

**കൊച്ചി;** എല്ലാ ജീവജാലങ്ങളിലും കുടികൊള്ളുന്ന ആത്മാവ് ഒന്ന് തന്നെയാണ് എന്ന ശ്രീ നാരായണ ദർശനം വർത്തമാനകാലത്തിന്റെ ആവശ്യകതയാണെന്ന് അദ്വൈതാശ്രമം സെക്രട്ടറി ശ്രീമദ് സ്വാമി ധർമചൈതന്യ. എല്ലാവരും ഒന്ന് എന്ന ചിന്ത വന്നാൽ പിന്നെ ജാതി,മത,വർഗ്ഗ,വർണ്ണ രാഷ്ട്രീയ ഭേദങ്ങൾ മൂലം ലോകത്തുള്ള അക്രമങ്ങളും അശാന്തിയും ഇല്ലാതാകും എന്ന് അദ്ദേഹം പറഞ്ഞു. ഗുരുധർമ പ്രചരണ മാതൃസഭ എറണാകുളം ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ അദ്വൈതാശ്രമത്തിൽ സംഘടിപ്പിച്ച മാതൃസംഗമവും ആത്മോപദേശ ശതക പാരായണ സമിതികളുടെ രൂപീകരണവും ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. സമ്മേളനത്തിൽ കൊറ്റനല്ലൂർ മഠം സെക്രട്ടറി ശ്രീമദ് അംബികാനന്ദ സ്വാമികൾ അദ്ധ്യക്ഷത വഹിച്ചു. ജി.ഡി.പി.എസ് രജിസ്ട്രാർ കെ. ടി സുകുമാരൻ മുഖ്യ പ്രഭാഷണം നടത്തി. മാതൃസഭ കേന്ദ്ര സമിതി സെക്രട്ടറി ശ്രീജ ടീച്ചർ സംഘടനാ സന്ദേശം നൽകി.

ജി.ഡി.പി.എസ്.ജില്ലാ സെക്രട്ടറി കെ.ആർ ലക്ഷമണൻ, വൈസ്പ്രസിഡന്റുമാരായ പി.പി ബാബു, ഗീത സുബ്രഹ്മണ്യൻ, ജോയിന്റ് സെക്രട്ടറി പൊന്നമ്മ കുമാരൻ, കേന്ദ്രസമിതി അംഗങ്ങളായ മധു വൈപ്പിൻ, ഇന്ദുമതി ശശിധരൻ, ജില്ലാ പ്രസിഡന്റ് ജയന്തി മോഹൻ, മാതൃസഭ ജില്ലാ സെക്രട്ടറി നിഷ അനിൽ, യുവജന സഭ പ്രസിഡന്റ് ടി. എസ് അംജിത്ത്, മാതൃസഭ ക്രേന്ദ്ര സമിതി ജോയിന്റ് സെക്രട്ടറി സിന്ധു ഷാജി, ആലുവ മണ്ഡലം പ്രസിഡന്റ് ലൈല സുകുമാരൻ എന്നിവർ പ്രസംഗിച്ചു. ജില്ലയിലെ പതിന്നാല് മണ്ഡലങ്ങളിൽ നിന്നും ഉള്ള മാതൃസഭാ പ്രവർത്തകർ യോഗത്തിൽ പങ്കെടുത്തു. ഒരു വർഷത്തിനകം ആയിരം ആത്മോപദേശ ശതക പാരായണ സമിതികൾ രൂപീകരിക്കാൻ യോഗം തീരുമാനമെടുത്തു.




# പ്രൈം വോളിബോൾ ലീഗ്: മുംബൈ മിറ്റിയോഴ്സും അഹമ്മദാബാദ് ഡിഫൻഡേഴ്സും സെമിഫൈനലിൽ

**ഹൈദരാബാദ്:** ഗച്ചിബൗളി ഇൻഡോർ സ്റ്റേഡിയത്തിൽ നടക്കുന്ന ആർ.ആർ കാബെൽ പ്രൈം വോളിബോൾ ലീഗിന്റെ നാലാം സീസണിൽ ചെന്നൈ ബ്ലിറ്റ്സിനെ 3-1ന് തോൽപ്പിച്ച് മുംബൈ മിറ്റിയോഴ്സ് സെമിഫൈനലിൽ പ്രവേശിച്ചു. ചെന്നൈ തോറ്റതോടെ അഹമ്മദാബാദ് ഡിഫൻഡേഴ്സും സെമി ഉറപ്പാക്കി. മുംബൈ മിറ്റിയോഴ്സ് നേരത്തേ സെമി ഉറപ്പാക്കിയിരുന്നു. ഇനി ഒരു സ്ഥാനം മാത്രമാണ് അവശേഷിക്കുന്നത്. കൊച്ചി ബ്ലൂ സ്പൈക്കേഴ്സ്, ഗോവ ഗാർഡിയൻസ്, കൽക്കത്ത തണ്ടർ ബോൾട്ട്സ്, ഡൽഹി തൂഫാൻസ് ടീമുകളാണ് ഈ സ്ഥാനത്തിനായുള്ള മത്സരത്തിൽ അവശേഷിക്കുന്നത്. നിലവിലെ ചാമ്പ്യൻമാരായ കാലിക്കറ്റ് ഹീറോസ്, ചെന്നൈ ബ്ലിറ്റ്സ്, ആതിഥേയരായ ഹൈദരാബാദ് ബ്ലാക്ഹോക്സ് ടീമുകൾ ഏഴ് മത്സരം പൂർത്തിയാക്കുകയും സെമിഫൈനൽ കാണാതെ പുറത്താവുകയും ചെയ്തു. പ്രാഥമിക റൗണ്ട് മത്സരങ്ങൾ ഇന്ന് പൂർത്തിയാവും. ഒക്ടോബർ 24നാണ് സെമിഫൈനൽ. കലാശക്കളി ഒക്ടോബർ 26ന്.

കഴിഞ്ഞദിവസം നടന്ന മത്സരത്തിൽ ഒരു സെറ്റ് മാത്രം വിട്ടുനൽകിയായിരുന്നു മുംബൈയുടെ ജയം. ഓം ലാഡ് വസന്തിന്റെ കൃത്യ സമയത്തുള്ള ബ്ലോക്കിലൂടെയാണ് മുംബൈ ആദ്യ സെറ്റ് സ്വന്തമാക്കിയത്. രണ്ടാം സെറ്റിൽ ചെന്നൈ ശക്തമായി തിരിച്ചടിച്ചു. തരുൺ ചെന്നൈയുടെ കൗണ്ടർ അറ്റാക്കിന് നേതൃത്വം നൽകി. സൂരജ് ചൗധരി അമിത്തിനെതിരെ നടത്തിയ ബ്ലോക്കും, പെരോട്ടോയുടെ സൂപ്പർ സെർവും മുംബൈയെ സമ്മർദ്ദത്തിലാക്കി. ഒടുവിൽ ചെന്നൈ ബ്ലിറ്റ്സ് രണ്ടാം സെറ്റ് നേടി കളി സമനിലയിലാക്കി. മൂന്നാം സെറ്റിൽ, ചെന്നൈയുടെ ലിബറോ ശ്രീകാന്തിന്റെ മികച്ച പ്രകടനം കാണികളെ ത്രസിപ്പിച്ചു. എന്നാൽ കാർത്തികിന്റെ ബ്ലോക്കുകളോടെ മുംബൈയുടെ പ്രതിരോധം ശക്തമായി. ലോഫ്റ്റെസ്നസിന്റെ മധ്യഭാഗത്തു നിന്നുള്ള ആക്രമണത്തിലൂടെ മുംബൈ വീണ്ടും ലീഡ് നേടി. നാലാം സെറ്റിൽ ഇരുടീമുകളുടെയും ബലാബലം കണ്ടു. പെരോട്ടോയും ജെറോമും ചെന്നൈക്കായി പോരാടി. എന്നാൽ കാർത്തികും ശുഭവും ചേർന്ന് തരുണിനെ തടഞ്ഞത് മുംബൈക്ക് നിർണായക പോയിന്റ് നൽകി. ഒടുവിൽ ശുഭത്തിന്റെ സൂപ്പർ സ്പൈക്കിലൂടെ മുംബൈ മാരത്തൺ സെറ്റും മത്സരവും സ്വന്തമാക്കി സെമിഫൈനലിലേക്ക് കുതിക്കുകയായിരുന്നു.



# കെ.ആർ.എൽ.സി.ബി.സി ഫാമിലി കമ്മിഷൻ നേതൃസംഗമം നടന്നു

**കൊച്ചി:** ആഗോള കത്തോലിക്ക സഭയിലെ ജൂബിലി വർഷാചരണത്തോടനു ബന്ധിച്ച് കെ.ആർ.എൽ.സി.ബി.സി ഫാമിലി കമ്മിഷൻ സംഘടിപ്പിച്ച നേതൃസംഗമം ഫമീലിയ2 എറണാകുളം ആശിർഭവനിൽ മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്തു. കെ.ആർ.എൽ.സി.ബി.സി ഫാമിലി കമ്മിഷൻ ചെയർമാൻ ബിഷപ് ഡോ. സെബാസ്റ്റ്യൻ തെക്കേത്തേച്ചേരിൽ അധ്യക്ഷത വഹിച്ചു. വരാപ്പുഴ അതിരൂപത സഹായ മെത്രാൻ ഡോ. ആന്റണി വാലുങ്കൽ അനുഗ്രഹ പ്രഭാഷണം നടത്തി. കെ.ആർ.എൽ.സി.സി ജനറൽ സെക്രട്ടറി ഡോ. ജിജു അറക്കത്തറ, വൈസ് പ്രസിഡന്റ് ജോസഫ് ജൂഡ്, കെ.ആർ.എൽ.സി.ബി.സി ഫാമിലി കമ്മിഷൻ സെക്രട്ടറി ഡോ. എ.ആർ. ജോൺ, വരാപ്പുഴ അതിരൂപത ഫാമിലി കമ്മീഷൻ ഡയറക്ടർ ഫാ. അലക്സ് കുരിശുപറമ്പിൽ എന്നിവർ പ്രസംഗിച്ചു. കേരളത്തിലെ 12 ലത്തീൻ രൂപതകളിലെ ഫാമിലി കമ്മീഷൻ ഡയറക്ടർമാരും സമിതിയംഗങ്ങളും, ആനിമേറ്റർമാരും, വോളന്റിയേഴ്സും, റിസോഴ്സ് പേഴ്സൻ അംഗങ്ങളും പങ്കെടുത്തു. സമ്മേളനത്തിന് മുന്നോടിയായി കെ.ആർ.എൽ.സി.ബി.സി ചിൽഡ്രൻസ് കമ്മീഷൻ സെക്രട്ടറി ഫാ.അരുൺ മാത്യു തൈപറമ്പിലിന്റെ നേതൃത്വത്തിലുള്ള റോഡ് ബാൻഡ് നയിച്ച പരിപാടികൾ സംഘടിപ്പിച്ചിരുന്നു.

തുടർന്ന് ആശീർഭവൻ ഡയറക്ടർ ഡോ. വിൻസന്റ് വാരിയത്ത് കുടുംബം ഒരു ആനന്ദം എന്ന വിഷയത്തിലും ആധുനിക ലോകത്ത് കുടുംബങ്ങൾ നേരിടുന്ന വെല്ലുവിളികളെയും, കുടുംബങ്ങളുടെ വളർച്ചയ്ക്കും വീണ്ടെടുപ്പിനും കുടുംബ ശുശ്രൂഷകൾ കൈവരിക്കേണ്ട നവമായ അജപാലന സമീപനങ്ങളെ ക്കുറിച്ച് കെ.ആർ.എൽ.സി.ബി.സി ഫാമിലി കമ്മിഷൻ സെക്രട്ടറി ഡോ. എ.ആർ ജോണും ക്ലാസ് നയിച്ചു.

# ജീവിതോത്സവ ചലഞ്ചിലൂടെ കേരളം മാതൃകയായെന്ന് മന്ത്രി വി. ശിവൻകുട്ടി

**തിരുവനന്തപുരം:** പൊതുവിദ്യാഭ്യാസ വകുപ്പും ഹയർ സെക്കന്ററി നാഷണൽ സർവീസ് സ്കീമും സംയുക്തമായി നടപ്പാക്കിയ ജീവിതോത്സവം ചലഞ്ച് പദ്ധതിയിലൂടെ കേരളം വീണ്ടും ലോകത്തിനും രാജ്യത്തിനും മാതൃകയായെന്ന് മന്ത്രി വി. ശിവൻകുട്ടി പറഞ്ഞു. ജീവിതോത്സവം ചലഞ്ചിന്റെ വിജയാഘോഷമായ ആകാശ മിഠായി' കാർണിവൽ കനകക്കുന്നിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

21 ദിവസങ്ങളായി കേരളത്തിലെ ഒന്നര ലക്ഷം വിദ്യാർത്ഥികൾ ഏറ്റെടുത്തതാണ് ജീവിതോത്സവം ചലഞ്ച്. നമ്മുടെ വിദ്യാർത്ഥികൾ ശാസ്ത്രീയമായ ജീവിത ചലഞ്ചിലൂടെ നല്ല ശീലങ്ങൾ ഉറപ്പിച്ചു ലോകത്തിനാകെ മാതൃകയാവുകയാണ്. ജീവിതോത്സവത്തിലെ ഓരോ ചെറിയ കാര്യങ്ങളും ഏറ്റെടുത്ത് വിജയിപ്പിച്ച കുട്ടിയെ ഇനിമുതൽ 'ആകാശമിഠായി' എന്ന് വിളിക്കും. രാസലഹരി പോലുള്ള കെണികളിൽ നിന്നും അകന്ന് ജീവിതത്തിന്റെ യഥാർത്ഥ രസം കണ്ടെത്താനുള്ള പദ്ധതി വിജയകരമായി നടപ്പിലാക്കിയതിൽ അഭിമാനമുണ്ട്. ചലഞ്ചിൽ പങ്കെടുത്ത എല്ലാ വിദ്യാർത്ഥികളെയും അഭിനന്ദിക്കുന്നതായി മന്ത്രി വി. ശിവൻകുട്ടി പറഞ്ഞു.

കുട്ടികളുടെ മാനസിക ആരോഗ്യവും സാമൂഹ്യ വികാസവും ഉറപ്പു വരുത്തുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പ് പുതുതായി 'നവപൂർണ്ണം' പദ്ധതി ആരംഭിക്കുന്നതായി മന്ത്രി പറഞ്ഞു. ലഹരി വിരുദ്ധ ബോധവൽക്കരണവുമായി സ്കൂളുകളിലെ എൻ. എസ്. എസ്, എൻ. സി. സി, എസ്. പി. സി, സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് തുടങ്ങിയവയെ ഏകോപിപ്പിച്ച് പുതിയ പദ്ധതി നടപ്പിലാക്കും. കുട്ടികളിൽ സാമൂഹ്യ പ്രതിബദ്ധതയും നേതൃത്വ ഗുണവും വളർത്തി ആരോഗ്യവും മൂല്യവുമുള്ള പുതിയ തലമുറയെ സമൂഹത്തിൽ സൃഷ്ടിക്കുക എന്നതാണ് ലക്ഷ്യമെന്ന് മന്ത്രി പറഞ്ഞു.

# തിരഞ്ഞെടുപ്പ് പ്രഖ്യാപിക്കും മുമ്പ് അങ്കത്തട്ടിലേക്ക്; സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ച് ട്വന്റി20

■ 90 ശതമാനം സ്ത്രീ സംവരണം ഉറപ്പാക്കി സ്ഥാനാർത്ഥി നിർണ്ണയം



തദ്ദേശ സ്വയം ഭരണ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന കിഴക്കമ്പലം ഗ്രാമ പഞ്ചായത്തിലെ ട്വന്റി20 സ്ഥാനാർത്ഥികൾ

**കിഴക്കമ്പലം :** സംസ്ഥാനത്ത് തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്നതിന് ആഴ്ചകൾക്ക് മുന്നേ സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ച് ട്വന്റി20 പാർട്ടി. സംസ്ഥാനത്തെ മൂന്ന് മുന്നണികൾക്കുമെതിരെ ഒറ്റയ്ക്ക് മത്സരിക്കുന്ന ട്വന്റി20 പാർട്ടിയാണ് തിരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്നതിന് ആഴ്ച്ചകൾക്ക് മുന്നേ സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ച് ചരിത്രം സൃഷ്ടിച്ചത്. കിഴക്കമ്പലം പഞ്ചായത്ത് പാർട്ടി എക്സിക്യൂട്ടീവ് കമ്മിറ്റിയാണ് ഇന്നലെ കിഴക്കമ്പലം ഗ്രാമ പഞ്ചായത്തിലെ സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചത്. കിഴക്കമ്പലം ഗ്രാമപഞ്ചായത്തിലെ 21 വാർഡിലേയും വാഴക്കുളം ബ്ലോക്ക് പഞ്ചായത്തിലെ മൂന്ന് ഡിവിഷനുകളിലേയും എറണാകുളം ജില്ലാ പഞ്ചായത്ത് വെങ്ങോല ഡിവിഷൻ അടക്കം 25 സ്ഥാനാർത്ഥികളെയാണ് പ്രഖ്യപിച്ചത്. 90 ശതമാനം സ്ത്രീ സംവരണം ഉറപ്പാക്കിയാണ് സ്ഥാനാർത്ഥി നിർണ്ണയം പൂർത്തിയാക്കിയത്. കേരള ചരിത്രത്തിൽ ആദ്യമായാണ് രാഷ്ട്ര പുനർനിർമ്മാണ പ്രക്രിയയ്ക്ക് ഇത്രയധികം വനിതാ പങ്കാളിത്തം ഒരു രാഷ്ട്രീയ പാർട്ടി ഉറപ്പാക്കുന്നതെന്ന് പാർട്ടി അധ്യക്ഷൻ സാബു എം.ജേക്കബ് പറഞ്ഞു. സംസ്ഥാനത്തെ മൂന്ന് മുന്നണികളേയും ബഹുദൂരം പിന്നിലാക്കി പാർട്ടി മത്സരിക്കുന്ന മുഴുവൻ പഞ്ചായത്തുകളിലേയും ഒന്നാംഘട്ട പ്രചരണം പൂർത്തിയാക്കി. പോസ്റ്റർ പ്രചരണം, ചുവരെഴുത്ത്, നോട്ടീസ് വിതരണം, മൈക്ക് അനൗൺസ്മെന്റ് തുടങ്ങിയവ പൂർത്തിയാക്കിയതായി സാബു എം.ജേക്കബ് പറഞ്ഞു. പ്രീതി കെ.ജി(അമ്പുനാട്), ബീന ജോസഫ് (മലയിടംതുരുത്ത് ), ചിന്നമ്മ പൗലോസി (മാക്കീനിക്കര), മേരി ഏലിയാസ് (കാരുകുളം), സുജിത മോൾ റ്റി.എസ്, (കാവുങ്ങപറമ്പ് ), പ്രതിമ കെ.എൻ (ചേലക്കുളം), രാജൻ ഇ.ആർ(കുമ്മനോട്), ജോബി മാത്യു(ചൂരക്കോട്), മിനി വി.സി.(ചൂരക്കോട് വെസ്റ്റ്), ദീപ ജേക്കബ്(ഞാറള്ളൂർ), പ്രസീല എൽദോ(കുന്നത്തുകുടി ), അമ്പിളി വിജിൽ(വിലങ്ങ് ), ബിനി ബിജു(പെരിയ്യക്കുന്നം ), ജിൻസി അജി(കിഴക്കമ്പലം), ഷീബ ജോർജ്(പഴങ്ങനാട് ), രാധാമണി ധരണീന്ദ്രൻ(മാളേയ്ക്കമോളം ), ലിന്റ ആന്റണി(താമരച്ചാൽ), ജിൻസി ബിജു(ഊരക്കാട് ), രാജു കെ.വി.(കാനാമ്പുറം), ജിബി മത്തായി(പൂക്കാട്ടുപടി), റഹിം എം.എം(പൂക്കാട്ടുപടി നോർത്ത്) വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് ചേലക്കുളം ഡിവിഷൻ: നിഷ അലിയാർ, കിഴക്കമ്പലം ഡിവിഷൻ: മറിയാമ്മ ജോൺ ,പൂക്കാട്ടുപടി ഡിവിഷൻ: അസ്മ പി.എം, എറണാകുളം ജില്ല പഞ്ചായത്ത് വെങ്ങോല ഡിവിഷൻ: സജന നസീർ (19) എന്നിവരാണ് ട്വന്റി20യുടെ സ്ഥാനാർത്ഥികൾ. മാങ്ങയാണ് പാർട്ടിയുടെ തിരഞ്ഞെടുപ്പ് ചിഹ്നം.



**സ്കൂൾ പാചക തൊഴിലാളി യൂണിയൻ കോതമംഗലം, മൂവാറ്റുപുഴ ഉപജില്ലാ കമ്മിറ്റി സംയുക്ത യോഗം യൂണിയൻ സംസ്ഥാന ജനറൽ സെക്രട്ടറി പി.ജി മോഹനൻ ഉദ്ഘാടനം ചെയ്യുന്നു.**

# മിനിമം കൂലി: പാചകത്തൊഴിലാളികൾ സമരത്തിലേക്ക്

**കൊച്ചി:** സ്കൂൾ പാചക തൊഴിലാളികളുടെ മിനിമം കൂലി എഴുനൂറ് രൂപ രൂപയാക്കുമെന്ന വാഗ്ദാനവും പാചകത്തൊഴിലാളി സംഘടനാ പ്രതിനിധികളുമായി മന്ത്രി വി. ശിവൻ കുട്ടി നടത്തിയ ചർച്ചകളിലെ തീരുമാനങ്ങളും അടിയന്തരമായി നടപ്പിലാക്കിയില്ലെങ്കിൽ ശക്തമായ സമരവുമായി രംഗത്തിറങ്ങുമെന്ന് സ്കൂൾ പാചകത്തൊഴിലാളി യൂണിയൻ സംസ്ഥാന ജനറൽ സെക്രട്ടറി പി.ജി മോഹനൻ. യൂണിയന്റെ കോതമംഗലം, മുവാറ്റുപുഴ ഉപജില്ലാ കമ്മിറ്റികളുടെ സംയുക്ത യോഗം ഉൽഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ആവശ്യങ്ങൾ നടപ്പാക്കാത്ത പക്ഷം നവംബർ 22 ന് കോതമംഗലം വിദ്യാഭ്യാസ ഉപജില്ലാ ഓഫീസിന് മുമ്പിൽ നിൽപ്പ് സമരം നടത്താനും യോഗം തീരുമാനിച്ചു. പത്മിനി സജീവൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ യൂണിയൻ ജില്ലാ സെകട്ടറി അനിത അപ്പുക്കുട്ടൻ, ഉപജില്ലാ സെകട്ടറിമാരായ ബിന്ദു രാജൻ, ലിജോ ചാക്കോച്ചൻ, അല്ലി സുബ്രൻ തുടങ്ങിയവർ സംസാരിച്ചു.

## എൽ.എൽ.ബി സീറ്റ് ഒഴിവ്

**കൊച്ചി:** പഞ്ചവൽസര ബികോം എൽ.എൽ.ബി കോഴ്സിൽ ഒഴിവുള്ള സർക്കാർ, മാനേജ്മെന്റ് സീറ്റുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. എൻട്രൻസ് എഴുതിയവർക്കും അല്ലാത്തവർക്കും അതാത് ക്വാട്ടകളിൽ അഡ്മിഷൻ എടുക്കാം. സർക്കാർ ഫീസും മാനേജ്മെന്റ് ഫീസും സെമസ്റ്റർ പ്രകാരം അടയ്ക്കാം. ഡെപ്പോസിറ്റും ഡൊണേഷണനും ഇല്ല. കൂടുതൽ വിവരങ്ങൾക്ക് 9495024551 എന്ന നമ്പറിൽ ബന്ധപ്പെടണമെന്ന് തൃക്കാക്കര കെ.എം.എം ലോ കോളജ് പ്രിൻസിപ്പാൾ അറിയിച്ചു.

## സാധാരണക്കാരുടെ കുട്ടികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കും: മന്ത്രി ജി.ആർ.അനിൽ

**കോഴിക്കോട്:** സാധാരണക്കാരുടെ കുട്ടികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി.ആർ അനിൽ. കരിപ്പൂർ ഗവ: ഹൈസ്കൂളിന്റെ ബഹുനില മന്ദിരത്തിന്റെയും കിച്ചൺ കം സ്റ്റോറിന്റെയും ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയിരുന്നു അനിൽ.കരിപ്പൂർ ഹൈസ്കൂളിന് അടിയന്തരമായി വേണ്ട പഠന സൗകര്യങ്ങളും സ്കൂൾ ബസ്സും ഉടൻ തന്നെ ഏർപ്പെടുത്തുമെന്നും അടിസ്ഥാന സൗകര്യങ്ങളും ഗുണനിലവാരവും മെച്ചപ്പെടുത്തി പൊതുവിദ്യാലയങ്ങൾ നാടിന്റെ അഭിമാനമായി മാറിക്കൊണ്ടിരിക്കുന്ന ഒരു കാലം യാഥാർത്ഥ്യമായിരിക്കുന്നുവെന്നും അനിൽ പറഞ്ഞു.

കിഫ്ബി, കില ഫണ്ടിൽ നിന്ന് 1.30 കോടി രൂപ ചെലവഴിച്ചാണ് പുതിയ ബഹുനില മന്ദിരം നിർമ്മിച്ചത്. പ്ലാൻ ഫണ്ടിൽ നിന്നുള്ള 8,58,976 രൂപയാണ് കിച്ചൺ കം സ്റ്റോറും നിർമ്മാണത്തിന് വിനിയോഗിച്ചത്.സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ നെടുമങ്ങാട് നഗരസഭ ചെയർപേഴ്സൺ സി.എസ് ശ്രീജ അധ്യക്ഷത വഹിച്ചു. വൈസ് ചെയർമാൻ എസ്. രവീന്ദ്രൻ, പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ പി. ഹരികേശൻ നായർ, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ പി. വസന്തകുമാരി, കില ചീഫ് മാനേജർ ആർ മുരളി തുടങ്ങിയവർ പങ്കെടുത്തു.

## യൂദാപുരം തീർഥാടന കേന്ദ്രത്തിൽ യൂദാശ്ലീഹായുടെ ഊട്ടുതിരുനാൾ

**അങ്കമാലി:** യൂദാപുരം തീർഥാടന കേന്ദ്രത്തിൽ വിശുദ്ധ യൂദാശ്ലീഹായുടെ ഊട്ടുതിരുനാൾ വിളംബര, വിശ്വാസപ്രഘോഷണ ബൈക്ക് റാലി നടത്തി. നൂറുകണക്കിന് ഇരുചക്ര വാഹനങ്ങളിൽ പ്രത്യേക ഡ്രസ് കോഡ് ധരിച്ച് യുവജനങ്ങളും പുരുഷന്മാരും സ്ത്രീകളും റാലിയിൽ പങ്കെടുത്തു.

അങ്കമാലി മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളും മുനിസിപ്പാലിറ്റിയും റാലി ചുറ്റി സഞ്ചരിച്ചു. വികാരിയും റെക്ടറുമായ ഫാ. സെബസ്റ്റ്യൻ കറുകപ്പിള്ളി റാലി ഫ്ളാഗ് ഓഫ് ചെയ്തു. അസി. വികാരി ഫാ. എബി ഫ്രാൻസിസ് ദുറാം , താബോർ വികാരി ഇൻചാർജ് ഫാ. മെർട്ടൻ ഡിസിൽവ, വേദപാഠം ഹെഡ്മാസ്റ്റർ ടി.ജി സാബു തുടങ്ങിയവർ റാലിയെ അനുഗമിച്ചു. തിരുനാൾ കൺവീനർ ഹർബട്ട് ജെയിംസ്, സെക്രട്ടറി ഒ.ജി കിഷോർ, കിഷോർ പാപ്പാളി, വില്യംസ് പ്ലാസിഡ് എന്നിവർ റാലിക്ക് നേതൃത്വം നൽകി.

## ജില്ലാ പ്രോസസ് ലാബ് ഉദ്ഘാടനം ചെയ്തു

**ബത്തേരി:** കേന്ദ്ര ഗോത്രകാര്യ മന്ത്രാലയം ഭാരത് റൂറൽ ലൈവിലിഹുഡ് ഫൗണ്ടേഷനുമായി സഹകരിച്ച് നടപ്പാക്കുന്ന ആദി കർമ്മയോഗി അഭിയാൻ ജില്ലാ പ്രോസസ് ലാബ് പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കക്ഷേമ വകുപ്പ് മന്ത്രി ഒ.ആർ കേളു ഉദ്ഘാടനം ചെയ്തു. പട്ടികവർഗ്ഗ മേഖലയിൽ നൽകുന്ന സേവനങ്ങളുടെ പൂർണ്ണത ഉറപ്പാക്കലും വികേന്ദ്രീകൃതവും സാംസ്കാരിക അധിഷ്ഠിതവുമായ കേഡറിലൂടെ ഗോത്ര സമൂഹങ്ങളെ ശാക്തീകരിക്കുകയുമാണ് പദ്ധതിയുടെ ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു. ആദി കർമ്മയോഗി അഭിയാന്റെ ഭാഗമായി ജില്ലയിലെ നാല് ബ്ലോക്കുകളിലെ 45 ഗ്രാമങ്ങളിൽ ആദ്യഘട്ടത്തിൽ പദ്ധതി നടപ്പാക്കും.

## ക്രഷ് വർക്കർ നിയമനം

**കൊച്ചി:** പാമ്പാക്കുട ഐ.സി.ഡി.എസ് പ്രോജക്ടിന്റെ പരിധിയിൽ പ്രവർത്തിക്കുന്നു രാമമംഗലം പഞ്ചായത്തിലെ കോരങ്കടവ് അങ്കണവാടിയിൽ പൽന സ്കീമിന്റെ ഭാഗമായി ആരംഭിക്കുന്ന ക്രഷിലേക്ക് വർക്കർ തസ്തികയിൽ നിയമനം നടത്തുന്നതിന് പഞ്ചായത്തിൽ സ്ഥിര താമസക്കാരായ വനിതകളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. പ്ലസ് ടു പാസായിരിക്കണം. 35 വയസിന് താഴെയുള്ളവർക്ക് അപേക്ഷിക്കാം. പുരിപ്പിച്ച അപേക്ഷകൾ വിദ്യാഭ്യാസം, പ്രായം, ജാതി,മതം താമസം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം ഒക്ടോബർ 30ന് ഉച്ചക്ക് 2 വരെ നേരിട്ടോ തപാൽ മാർഗമോ പാമ്പാക്കുട ശിശുവികസന പദ്ധതി ഓഫീസറുടെ കാര്യാലയത്തിൽ എത്തിക്കേണ്ടതാണ്. വിലാസം ശിശുവികസന പദ്ധതി ഓഫീസർ, ശിശു വികസന പദ്ധതി ഓഫീസ്, പാമ്പാക്കുട, അഞ്ചൽപ്പെട്ടി പി.ഒ, പിൻ 686667 ഫോൺ : 0485- 2274404



# റിയാദിൽ പുതിയ ലുലു ഹൈപ്പർമാർക്കറ്റ് തുറന്നു

**റിയാദ്:** ലുലുവിന്റെ സൗദി അറേബ്യയിലെ 71ാമത്തെ സ്റ്റോർ റിയാദ് തുവൈഖിൽ പ്രവർത്തനം ആരംഭിച്ചു. സൗദി നിക്ഷേപ മന്ത്രാലയം അസിസ്റ്റന്റ് ഡെപ്യൂട്ടി മുഹമ്മദ് അൽ അഹംരി, ഹൈപ്പർമാർക്കറ്റ് ഉദ്ഘാടനം ചെയ്തു. റിയാദ് ചേംബർ ബോർഡ് അംഗം തുർക്കി അൽ അജ്‌ലാൻ, സൗദി അറേബ്യയിലെ യുഎഇ അംബാസഡർ മതർ സലീം അൽദഹേരി, സൗദി അറേബ്യയിലെ ഇന്ത്യൻ അംബാസഡർ ഡോ. സുഹൈൽ അജാസ് ഖാൻ, ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ യൂസഫലി എന്നിവരുടെ സാന്നിദ്ധ്യത്തിലായിരുന്നു ഉദ്ഘാടനം.

സൗദി അറേബ്യയുടെ വിഷൻ 2030ന് പിന്തുണയേകി റീട്ടെയ്ൽ സേവനം കൂടുതൽ വിപുലമാക്കുന്നതിന്റെ ഭാഗമായാണ് തുവൈഖിലെ പുതിയ സ്റ്റോർ പ്രവർത്തനം തുടങ്ങിയതെന്ന് ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ. യൂസഫലി വ്യക്തമാക്കി. പ്രാദേശിക വികസനത്തിനൊപ്പം മികച്ച തൊഴിലവസരം കൂടിയാണ് ഇതോടെയാഥാർഥ്യമാകുന്നതെന്നും എം.എ യൂസഫലി പറഞ്ഞു. 65,000 ചതുരശ്ര അടി വിസ്തൃതിയിലുള്ള തുവൈഖ് ലുലു ഹൈപ്പർമാർക്കറ്റിൽ വൈവിധ്യമാർന്ന ഉൽപ്പന്നങ്ങളാണ്

ഉപഭോക്താകൾക്കായി ലഭ്യമാക്കിയിരിക്കുന്നത്. ലുലു ഗ്രൂപ്പ് എക്സിക്യൂട്ടീവ് ഡയറക്ടർ അഷറഫ് അലി എം.എ, ലുലു ഗ്ലോബൽ ഓപ്പറേഷൻസ് ഡയറക്ടർ എം.എ സലിം, സൗദി ലുലു ഡയറക്ടർ മുഹമ്മദ് ഹാരിസ് തുടങ്ങിയവരും ചടങ്ങിൽ പങ്കെടുത്തു.




# വിഴിഞ്ഞം ഷിപ്പ് ടു ഷിപ്പ് ബങ്കറിങ് രണ്ടാംഘട്ട നിർമാണം നവംബർ 5ന്

**വിഴിഞ്ഞം:** രാജ്യാന്തര തുറമുഖത്ത് കപ്പലുകൾക്ക് ഇന്ധനം നൽകുന്ന ഷിപ്പ് ടു ഷിപ്പ് ബങ്കറിങ് സർവീസ് തുടങ്ങി. അദാനി ബങ്കറിങ് കമ്പനിയുടെ നേതൃത്വത്തിൽ എം ടി ഷോൺ 1 കപ്പലിൽ നിന്ന് വിഴിഞ്ഞം തുറമുഖത്തിന്റെ ആങ്കറേജിലുള്ള എംഎസ്‌സി അക്കിറ്റെറ്റ എന്ന കപ്പലിലാണ് വെരി ലോ സൾഫർ ഫ്യുവൽ ഓയിൽ നിറച്ചത്.

വിഴിഞ്ഞത്ത് ഈ സേവനം തുടങ്ങിയതോടെ കപ്പലുകളിൽ ഇന്ധനം നിറയ്ക്കാൻ വിദേശ തുറമുഖങ്ങളെ ആശ്രയിക്കുന്നത് കുറയ്ക്കാൻ കഴിയുമെന്ന് മന്ത്രി വി.എൻ വാസവൻ. ഇന്ത്യയുടെ ട്രാൻഷിപ്മെന്റ് ഹബ് ആയി വളരുന്ന വിഴിഞ്ഞം, ലോകോത്തര കപ്പൽ കമ്പനികളുടെ ഇന്ധനം നിറയ്ക്കൽ കേന്ദ്രമായും അധികം വൈകാതെ മാറുമെന്നും സമൂഹമാധ്യമത്തിലെ കുറിപ്പിൽ അദ്ദേഹം പറഞ്ഞു.

വിഴിഞ്ഞം രാജ്യാന്തര തുറമുഖത്തിന്റെ രണ്ടാംഘട്ട നിർമാണം നവംബർ അഞ്ചിന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. 2028 ഡിസംബറിൽ നിർമാണം പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

200 മീറ്റർ ബെർത്തിന്റെ നിർമാണം, ക്രെയിൻ സ്ഥാപിക്കൽ, കണ്ടെയ്നർ യാഡിന്റെയും, അടിസ്ഥാന സൗകര്യങ്ങളുടെയും വികസനം, ഒരു കിലോമീറ്റർ പുലിമുട്ട് നിർമാണം, ലിക്വിഡ് ബെർത്ത് നിർമാണം, ലിക്വിഡ് കാർഗോ സംഭരണ നിർമാണം, കടൽ നികത്തി 77.17 ഹെക്ടർ കരഭൂമി തയാറാക്കൽ ഇവയൊക്കെയാണ് രണ്ടാം ഘട്ടത്തിൽ പൂർത്തിയാകുക.

ഇതോടെ വിഴിഞ്ഞത്തെ വാർഷിക സ്ഥാപിത ശേഷി 40 ലക്ഷം കണ്ടെയ്നറാകും. 15,000 കോടി രൂപയോളം അദാനി പോർട്ട് മുതൽമുടക്കും. ഈ ഘട്ടത്തിൽ സംസ്ഥാന സർക്കാർ നേരിട്ട് പണം മുടക്കുന്നില്ല.

# സാംസങ് കെയർ സേവനം ഇനി ഹോം അപ്ലയൻസുകൾക്കും

**കൊച്ചി:** ഇന്ത്യയിലെ മുൻനിര കൺസ്യൂമർ ഇലക്ട്രോണിക്സ് ബ്രാൻഡായ സാംസങ്ങിന്റെ കെയർ പ്ലസ് സേവനത്തിന്റെ പരിധി വിപുലീകരിച്ചു. ഫ്രിഡ്ജ്, വാഷിങ് മെഷീൻ, എയർ കണ്ടീഷണർ, മൈക്രോവേവ് ഓവൻ, സ്മാർട്ട് ടിവി എന്നിവയ്ക്കായി എക്സ്റ്റൻഡഡ് വാർണ്ടി പ്ലാനുകൾ അവതരിപ്പിച്ചു. ഒന്നു മുതൽ നാലു വർഷം വരെ ദൈർഘ്യമുള്ള ഈ പ്ലാനുകൾ പ്രതിദിനം രണ്ട് രൂപ മുതൽ ആരംഭിക്കുന്ന നിരക്കിൽ ലഭ്യമാകും.

പുതിയ സാംസങ് കെയർ പ്ലസ് സേവനത്തിൽ സോഫ്റ്റ് വെയർ അപ്ഡേറ്റുകളും സ്ക്രീൻ മാൽഫംഗ്ഷനും (ഫിസിക്കൽ ഡാമേജ് ഇല്ലാതെ) ഉൾപ്പെടുത്തിയിരിക്കുന്നതും ഇതിന്റെ പ്രത്യേകതയാണ്. ഇതോടെ ഹാർഡ്‌വെയർ മാത്രമല്ല, സോഫ്റ്റ്‌വെയർ പ്രകടനത്തിലും ഡിസ്പ്ലേ വിഷയങ്ങളിലും ഉപഭോക്താക്കൾക്ക് പൂർണ സംരക്ഷണം ലഭിക്കും.

ഉപഭോക്തൃ അനുഭവം മെച്ചപ്പെടുത്തുകയാണ് തങ്ങളുടെ ലക്ഷ്യമെന്നും സോഫ്റ്റ് വെയർ അപ്ഡേറ്റ്, സ്ക്രീൻ മാൽഫംഗ്ഷൻ സംരക്ഷണം തുടങ്ങിയ പ്രത്യേക ആനുകൂല്യങ്ങളിലൂടെ സാംസങ് കെയർ പ്ലസ് കൂടുതൽ വിപുലീകരിക്കുന്നുവെന്നും സാംസങ് ഇന്ത്യ ഡിജിറ്റൽ അപ്ലയൻസസ് വൈസ് പ്രസിഡന്റ് ഘുഫ്റാൻ ആലം പറഞ്ഞു.

സാംസങ് കെയർ പ്ലസ് 13,000ലധികം സർട്ടിഫൈഡ് എൻജിനീയർമാർ, 2,500 ലധികം സർവീസ് സെന്ററുകൾ, 100 ശതമാനം യഥാർത്ഥ ഭാഗങ്ങൾ, ഒപ്പം 9 ഭാഷകളിലുള്ള മൾട്ടിലിംഗ്വൽ പിന്തുണ എന്നിവയിലൂടെ രാജ്യവ്യാപകമായ സേവനം ഉറപ്പാക്കുന്നു. സാംസങ് ആപ്പ് വഴി ഉപഭോക്താക്കൾക്ക് സർവീസ് ട്രാക്ക് ചെയ്യാനും ഓർമ്മപ്പെടുത്തലുകൾ ലഭിക്കാനും സൗകര്യമുണ്ട്.

# സവാരിയുടെ ഫിലിപ്പീൻസ് യാത്രയ്ക്ക് ബുക്കിംഗ് തുടങ്ങി

**കൊച്ചി:** സവാരി ട്രാവൽസിന്റെ ഫിലിപ്പീൻസ് യാത്രയ്ക്ക് ബുക്കിംഗ് തുടങ്ങി. ആഞ്ചൽ സിറ്റി, മനില, ഇൻട്രാമോസ്, ടാഗായ്തായ്, എയർഫോഴ്സ് സിറ്റി, പഗ് സാജൻവാട്ടർഫോൾ, ക്ലാർക്കു സിറ്റി തുടങ്ങി ഫിലിപ്പീൻസിലെ കാഴ്ചകൾ എല്ലാം ഒത്തുചേരുന്നതാണ് യാത്ര.

അഞ്ചു പകലും നാലു രാത്രിയും അടങ്ങുന്ന യാത്രയിൽ ഫ്ലൈറ്റ് ടിക്കറ്റ്, താമസം, ഇന്ത്യൻ ഫിലിപ്പീൻസ് ഭക്ഷണം, എൻട്രി ടിക്കറ്റുകൾ, മലയാളി ടൂർ മാനേജർ എല്ലാം ഉൾപ്പെടെയുള്ള പാക്കേജ് ബുക്ക് ചെയ്യാം.

സിംഗപ്പൂർ മലേഷ്യ, ബാലി, തായ്‌ലാൻഡ്, മലേഷ്യ, അയോധ്യ വാരാണസി, ആൻഡമാൻ, ആഗ്ര ഡൽഹി, കാശ്മീർ യാത്രകളുടെയും ബുക്കിംഗ് നടക്കുന്നതായി സവാരി ടീം അറിയിച്ചു. ബുക്കിംഗിനു വിളിക്കാം. ഫോൺ: 9072668874.

# കൊച്ചിമുസിരിസ് ബിനാലെ : വോളണ്ടിയർമാരെ ക്ഷണിച്ചു

**കൊച്ചി :** കൊച്ചി ബിനാലെ ഫൗണ്ടേഷൻ ഒരുക്കുന്ന കൊച്ചി ബിനാലെ ആറാം പതിപ്പിനായി സേവനമനുഷ്ഠിക്കാൻ വോളണ്ടിയർമാർക്ക് അവസരം. നിഖിൽ ചോപ്രയും എച്ച്എച്ച് ആർട്ട് സ്പേസസും ചേർന്നാണ് കൊച്ചി മുസിരിസ് ബിനാലെ ആറാം പതിപ്പ് ക്യൂറേറ്റ് ചെയ്യുന്നത്. 'ഫോർ ദി ടൈം ബീയിംഗ്' എന്നാണ് ആറാം പതിപ്പിന്റെ പ്രമേയം. ലോകമെമ്പാടുമുള്ള കലാകാരന്മാരെയും പ്രേക്ഷകരെയും ഒരുമിപ്പിച്ച് കൊച്ചിയിലെ വിവിധ വേദികളിലായാണ് ബിനാലെ അരങ്ങേറുന്നത്. ഈ കലാവിരുന്നിന്റെ സുഗമമായ നടത്തിപ്പിനായി കലാസൃഷ്ടികളുടെ നിർമ്മിക്കാനും വേദികളിൽ അവയെ സ്ഥാപിക്കാനും ഫൗണ്ടേഷനെ സഹായിക്കാൻ വോളണ്ടിയർമാർക്ക് അവസരം ലഭിക്കും. അപേക്ഷകർക്ക് ഏതെങ്കിലും വിഷയത്തിലുള്ള ബിരുദം ഉണ്ടായിരിക്കണം. കലാചരിത്രം, ഫൈൻ ആർട്സ്, കൾച്ചറൽ സ്റ്റഡീസ് അല്ലെങ്കിൽ അനുബന്ധ മേഖലകളിലെ അക്കാദമിക പശ്ചാത്തലമുള്ളവർക്ക് മുൻഗണനയുണ്ടെങ്കിലും അത് നിർബന്ധമല്ല. മുൻപ് കൊച്ചിമുസിരിസ് ബിനാലെയിലോ സമാനമായ കലാപരിപാടികളിലോ പ്രവർത്തിച്ച പരിചയവും വോളണ്ടിയറിംഗിൽ തെളിയിക്കപ്പെട്ട അനുഭവസമ്പത്തും കൂടുതൽ ഗുണകരമാകും. കൂടാതെ, ഇംഗ്ലീഷ് ഭാഷയിൽ മികച്ച പ്രാവീണ്യം ഉണ്ടായിരിക്കേണ്ടതും അനിവാര്യമാണ്. കൊച്ചിയിലെ വിവിധ ബിനാലെ വേദികളിൽ പൂർണ്ണസമയ വോളണ്ടിയർമാരാണ് പ്രവർത്തിക്കേണ്ടത്. 2025 ഒക്ടോബറിനും 2026 ഏപ്രിലിനും ഇടയിൽ 60 ദിവസത്തെ സേവനം ഇതിനായി അപേക്ഷകർ നൽകണം. ബിനാലെയിൽ പങ്കുചേരാനും ആഗോള കലാ സമൂഹത്തിന്റെ ഭാഗമാകാനും താൽപ്പര്യമുള്ളവർക്ക് ഈ അവസരം പ്രയോജനപ്പെടുത്താവുന്നതാണ്. അപേക്ഷ careers@kochimuzirisbiennale.org എന്ന ഇമെയിൽ വിലാസത്തിലൂടെ മാത്രമാണ് നൽകാനാകുക. താൽപ്പര്യമുള്ളവർ 200 വാക്കിൽ കവിയാത്ത ആമുഖത്തോടൊപ്പം അപേക്ഷിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് +91 79943 17700 എന്ന നമ്പറിൽ ബന്ധപ്പെടുക.

സൊസൈറ്റി ടുഡേ
SOCIETY TODAY

# സംസ്ഥാന സീനിയർ ഫുട്ബോൾ: തൃശൂർ ജേതാക്കൾ



**കൊച്ചി:** സംസ്ഥാന സീനിയർ ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ തൃശൂർ ജേതാക്കൾ. എറണാകുളം മഹാരാജാസ് കോളജ് ഗ്രൗണ്ടിൽ നടന്ന കലാശക്കളിയിൽ ഇടുക്കിയെ എതിരില്ലാത്ത രണ്ടുഗോളുകൾക്ക് തോൽപിച്ചാണ് കിരീടനേട്ടം. ആദ്യപകുതിയിലായിരുന്നു രണ്ട് ഗോളുകളും. 26ാം മിനിറ്റിൽ ബോക്സിനകത്ത് ഇടുക്കി താരം കൈകൊണ്ട് വീഴ്ത്തിയതിന് റഫറി പെനൽറ്റി വിധിച്ചു. തൃശൂരിനായി കിക്കെടുത്ത പി. സന്തോഷ് അനായാസം പന്ത് വലയിലെത്തിച്ചു. 32ാം മിനിറ്റിൽ അബിൻ കൃഷ്ണയിലൂടെ തൃശൂർ ലീഡുയർത്തി. വലത് വിങിൽ നിന്ന് പി.എ നാസർ നൽകിയ അളന്നുമുറിച്ചൊരു പാസ്, വലയ്ക്ക് ഇടതുഭാഗത്തായി നിലയുറപ്പിച്ച അബിൻ മനോഹരമായൊരു ഷോട്ടിലൂടെ ലക്ഷ്യത്തിലെത്തിക്കുകയായിരുന്നു. ലീഡ് വഴങ്ങിയിട്ടും രണ്ടാം പകുതിയിലും കാര്യമായ പ്രകടനം നടത്താൻ ഇടുക്കിക്ക് കഴിഞ്ഞില്ല. മുൻനിര കളിക്കാരുടെ പരിക്കും തുടർച്ചയായ മത്സരങ്ങളുമാണ് ടൂർണമെന്റിൽ ഒരുഗോളും വഴങ്ങാതെ ഫൈനലിലെത്തിയ ഇടുക്കിയെ തളർത്തിയത്. 20 വർഷത്തിന് ശേഷമായിരുന്നു സീനിയർ ചാമ്പ്യൻഷിപ്പിൽ ഇടുക്കിയുടെ ഫൈനൽ പ്രവേശം. ഇടുക്കി ക്യാപ്റ്റൻ വിബിൻ വിധു ടൂർണമെന്റിലെ മികച്ച താരമായി തിരഞ്ഞെടുക്കപ്പെട്ടു. തൃശൂരിന്റെ കെ.എസ് സന്ദീപ് ആണ് മികച്ച ഗോൾകീപ്പർ. വിജയികൾക്ക് ടി.ജെ വിനോദ് എം.എൽ.എയും, കാലിക്കറ്റ് എഫ്.സി സി.ഇ.ഒ മാത്യു കോരത്തും ചേർന്ന് ട്രോഫികൾ സമ്മാനിച്ചു. ഡി.എഫ്.എ പ്രസിഡന്റ് വി.പി ശ്രീനിജൻ എം.എൽ.എ, ഫോഴ്സ കൊച്ചി സി.ഇ.ഒ അംബരീഷ്, കെ.എഫ്.എ ഹോണററി പ്രസിഡന്റ് ടോം ജോസ്, സെക്രട്ടറി ഷാജി കുര്യൻ, ഡി.എഫ്.എ സെക്രട്ടറി വിജു ചൂളയ്ക്കൽ, ടൂർണമെന്റ് ഓർഗനൈസിങ് സെക്രട്ടറി പി.അനിൽകുമാർ, മെഡിക്കൽ ട്രസ്റ്റ് എംഡി പി.വി ആന്റണി തുടങ്ങിയവർ വിവിധ പുരസ്കാരങ്ങൾ സമ്മാനിച്ചു.

നിലവിലെ ചാമ്പ്യൻമാരായ കോട്ടയത്തെ പരാജയപ്പെടുത്തിയതാണ് തൃശൂർ ഫൈനലിലെത്തിയത്. പ്രീകാർട്ടറിൽ കൊല്ലത്തെയും, ക്വാർട്ടറിൽ മലപ്പുറത്തെയും തോൽപിച്ചു. മുഹമ്മദ് ഷഫീഖ് ആണ് പരിശീലകൻ. കഴിഞ്ഞദിവസം സംസ്ഥാന വനിതാ ചാമ്പ്യൻഷിപ്പിലും തൃശൂർ ജേതാക്കളായിരുന്നു.

# ഉപഭോക്താൾക്കായി ഇ–സിം സേവനങ്ങൾ ആരംഭിച്ച് ബി .എസ് .എൻ. എൽ

**കൊച്ചി:** ഉപഭോക്താൾക്കായി ബി.എസ്.എൻ.എൽ ഇ-സിം സേവനങ്ങൾ ആരംഭിച്ചു. ബി. എസ്. എൻ. എൽ എറണാകുളം, ഇടുക്കി, ലക്ഷദ്വീപ് ഏരിയയിലെ എല്ലാ കസ്റ്റമർ സർവീസ് സെന്ററുകളിലും ഇ-സിം സേവനങ്ങൾ ലഭിക്കുന്നതാണെന്നു പ്രിൻസിപ്പൽ ജനറൽ മാനേജർ ഡോ. കെ. ഫ്രാൻസിസ് ജേക്കബ് അറിയിച്ചു. ഇത് ഇ-സിം സാങ്കേതികവിദ്യ പിന്തുണയ്ക്കുന്ന മൊബൈൽ ഹാൻഡ് സെറ്റ്, ഡിവൈസുകൾ ഉപയോഗിക്കുന്ന ഉപഭോക്താൾക്ക് ലഭ്യമാകും. നിലവിലുള്ള പ്രീപെയ്ഡ്, പോസ്റ്റുപെയ്ഡ് ഉപഭോക്താക്കൾക്കും, പുതിയ കണക്ഷനുകൾക്കും, മൊബൈൽ നമ്പർ പോർട്ടബിലിറ്റിക്കും ഇ-സിം സേവനം ഉപയോഗിക്കാവുന്നതാണ്. ഇ-സിം ആക്ടിവേറ്റ് ചെയ്യുന്നതിന് ഉപഭോക്താക്കൾ അവരുടെ അടുത്തുള്ള ബി .എസ്.എൻ.എൽ കസ്റ്റമർ സർവീസ് സെന്റർ സന്ദർശിച്ചു ആവശ്യമായ കെ.വൈ.സി നടപടിക്രമങ്ങൾ പൂർത്തിയാക്കണം. കെ.വൈ. സി പ്രക്രിയ പൂർത്തിയായ ശേഷം ഉപഭോക്താൾക്ക് ലഭിക്കുന്ന ക്യു ആർ കോഡ് സ്കാൻ ചെയ്താൽ ഇ-സിം ആക്റ്റീവ് ആകുന്നതാണ്.

# മീഷോ ലിമിറ്റഡ് ഐ.പി.ഒയ്ക്ക്

**കൊച്ചി:** ഇന്ത്യയിലെ മുൻനിര ബഹുമുഖ ഇകൊമേഴ്സ് പ്ലാറ്റ്ഫോമായ മീഷോ ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐ.പി.ഒ) അനുമതി തേടി സെബിയ്ക്ക് പുതുക്കിയ പ്രാഥമിക രേഖ (യു.ഡി.ആർ.എച്ച്.പി) സമർപ്പിച്ചു. ഉപഭോക്താക്കൾ, വിൽപ്പനക്കാർ, ലോജിസ്റ്റിക് പങ്കാളികൾ, ഉള്ളടക്കങ്ങൾ തയ്യാറാക്കുന്നവർ എന്നിങ്ങനെ നാല് വിഭാഗങ്ങളെ ഒരു പ്ലാറ്റ്ഫോമിൽ ഒരുമിപ്പിക്കുന്ന കമ്പനി ഒരു രൂപ മുഖവിലയുള്ള 4250 കോടി രൂപയുടെ പുതിയ ഇകിറ്റി ഓഹരികളും പ്രമോട്ടർമാരുടെയും നിലവിലുള്ള നിക്ഷേപകരുടെയും 17,56,96,602 ഇകിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐ.പി.ഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കൊട്ടക് മഹീന്ദ്ര ക്യാപിറ്റൽ കമ്പനി ലിമിറ്റഡ്, ജെ.പി മോർഗൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, മോർഗൻ സ്റ്റാൻലി ഇന്ത്യ കമ്പനി പ്രൈവറ്റ് ലിമിറ്റഡ്, ആക്സിസ് ക്യാപിറ്റൽ ലിമിറ്റഡ്, സിറ്റിഗ്രൂപ്പ് ഗ്ലോബൽ മാർക്കറ്റ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്നിവരാണ് ഐ.പി.ഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.




# പ്രീ ബുക്ക് ഓഫറുമായി ജാവ യെസ്ഡി മോട്ടോർസൈക്കിൾ

## ഓൺലൈനായി 999 രൂപക്ക് പ്രീബുക്ക് ചെയ്യാം

**കൊച്ചി:** മോട്ടോർസൈക്കിൾ വിപണിയിൽ ജിഎസ്ടി 2.0 യുടെ ഗുണം ഏറ്റവും കൂടുതൽ കിട്ടുന്നവയിൽ ഒന്നായി ജാവ യെസ്ഡി മോട്ടോർസൈക്കിൾസ്. ജിഎസ്ടി 2.0 ലൂടെ വില വെട്ടിക്കുറച്ച പശ്ചാത്തലത്തിൽ ജാവ അല്ലെങ്കിൽ യെസ്ഡി മോട്ടോർസൈക്കിൾ ഇപ്പോൾ ഓൺലൈനായി 999 രൂപക്ക് പ്രീബുക്ക് ചെയ്യാൻ കഴിയുമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. ഇൻഡസ്ട്രിഫസ്റ്റ് ഓഫറിംഗാണ്. 350സിസി യിൽ താഴെയുള്ള എട്ട് പെർഫോമൻസ് ക്ലാസിക് മോട്ടോർസൈക്കിളുകളുമായി, പോസ്റ്റ ജിഎസ്ടി പരിഷ്കാരങ്ങൾ, ഒതന്റിക് ഹെറിറ്റേജ് മോട്ടോർസൈക്കിളിംഗിനെ വിശാലമായ റൈഡിംഗ് കമ്മ്യൂണിറ്റിയിലേക്ക് കൊണ്ടുവരിക എന്നിവയിലൂടെ ഓൺ റോഡ് വിലകൾ വെട്ടിക്കുറച്ചതായി പ്രഖ്യാപിച്ച ആദ്യത്തെ കമ്പനിയാണ് ജാവ യെസ്ഡിയെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

